**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4112 -**
**13/12/2018 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. എസ്. ശബരീനാഥൻ | ഡോ. ടി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| **ചോദ്യം** | **മറുപടി** |
|---|---|
| (എ) 2004 2009 വർഷങ്ങളിലെ ശമ്പള പരിഷ്കരണങ്ങളിൽ ഓഡിറ്റ് തടസ്സവാദം മൂലം ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് റീ-ഓപ്ഷൻ സമർപ്പിച്ച് അപാകത പരിഹരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇതിന് ജീവനക്കാർക്ക് അവസരം ലഭിച്ചത്; | ഉണ്ട്. 22/06/2018 ലെ സ.ഉ. (പി) നം. 96/2018/ധന സർക്കാർ ഉത്തരവ്. |
| (ബി) ഈ ഉത്തരവ് ഇറക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് മാനദണ്ഡമായി എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ; | 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങളിന്മേലുള്ള പരിശോധന സമയ ബന്ധിതമായി നടത്താത്തതുമൂലവും വർഷങ്ങൾക്കു ശേഷം മേൽ പരിശോധന നടത്തപ്പെടുമ്പോൾ ശമ്പള നിർണ്ണയം അനുവദിച്ചതിന്മേൽ അപാകതകൾ കണ്ടെത്തുകയും അതുവഴി ബന്ധപ്പെട്ട ജീവനക്കാർക്ക് ശമ്പളത്തിൽ കുറവു വരികയും ഭീമമായ തുക തിരിച്ചടയ്ക്കേണ്ടിയും വരുന്ന സാഹചര്യങ്ങളിൽ റീ-ഓപ്ഷൻ അനുവദിയ്ക്കണമെന്നപേക്ഷിച്ച് നിരവധി ശുപാർശകൾ സർക്കാരിന്റെ പരിഗണനയിൽ വന്ന സാഹചര്യത്തിലാണ് നിബന്ധനകൾക്ക് വിധേയമായി 22/06/18 ലെ ജി.ഒ (പി)നം. 96/2018/ധന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. |

| | |
|---|---|
| (സി) തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ പഞ്ചായത്തിലെ കുഴക്കാട് എൽ.പി. സ്കൂൾ പ്രഥമ അധ്യാപകനായി വിരമിച്ച റ്റി. ക്രിസ്തുദാസിന് അദ്ദേഹത്തിന്റെ എയ്ഡഡ് സ്കൂൾ സേവനകാലം ശമ്പള പരിഷ്കരണ വെയ്റ്റേജിന് കണക്കാക്കിയതിൽ ഉണ്ടായ ഓഡിറ്റ് തടസ്സവാദം മൂലം ഗ്രാറ്റുവിറ്റിയിൽ 1,60,345/- രൂപ തടഞ്ഞു വയ്ക്കുകയും രണ്ട് ഇൻക്രിമെന്റുകൾ നഷ്ടമാകുകയും ചെയ്ത സാഹചര്യം പരിഹരിക്കാൻ പ്രസ്തുത എയ്ഡഡ് സർവ്വീസ് ഒഴിവാക്കി ഓപ്ഷൻ തീയതി 01/03/97-ൽ നിന്നും 01/07/97 ലേക്ക് മാറ്റി അപാകത പരിഹരിക്കുന്നതിന് അവസരം നൽകുമോ ; | 1997 ശമ്പള പരിഷ്കരണ ഉത്തരവിൽ കോടതി വ്യവഹാരങ്ങളുടെയടിസ്ഥാനത്തിലോ മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിക്കുന്ന സാഹചര്യങ്ങളിലോ മാത്രമാണ് റീ-ഓപ്ഷൻ അനുവദിയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആകയാൽ ശ്രീ. ക്രിസ്തുദാസിന് റീ-ഓപ്ഷൻ അനുവദിയ്ക്കുവാൻ ചട്ടപ്രകാരം കഴിയുകയില്ല. |
| (ഡി) 1997 ലെ ശമ്പള പരിഷ്കരണത്തിന് ഇതേ ആഡിറ്റ് തടസ്സവാദം ഉണ്ടായ കേസുകളിൽ കോടതിയുടെ നിർദ്ദേശ പ്രകാരം ഓപ്ഷൻ തീയതി മാറ്റി നൽകാൻ അവസരം ലഭിച്ചവർക്ക് കിട്ടിയ അനുവാദം ക്രിസ്തുദാസിനും പരിഗണിക്കുമോ; | പരിഗണിയ്ക്കാനാകില്ല. |
| (ഇ) ക്രിസ്തു ദാസിന്റെ ഇത് സംബന്ധിച്ച ഫയൽ നമ്പർ. E. 7315173/Edu.A/Fin എന്ത് തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | റീ-ഓപ്ഷൻ അനുവദിയ്ക്കണമെന്ന ക്രിസ്തുദാസിന്റെ അപേക്ഷ ചട്ടപ്രകാരം പരിഗണനാർഹമല്ലായെന്ന വിവരം പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ